**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 697** **23-02-2022 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക സഹകരണ ബാങ്കുകളിലെ പലിശ നിരക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളിൽ നിക്ഷേപങ്ങൾക്കും വായ്പകൾക്കുമുള്ള നിലവിലെ പലിശനിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിക്ഷേപങ്ങൾക്കും വായ്പകൾക്കുമുള്ള പലിശ നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ച 10/02/2022-ലെ 05/2022, 06/2022 എന്നീ നമ്പർ സർക്കുലറുകളുടെ പകർപ്പുകൾ അനുബന്ധം 1, അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

5172710/2022

അനുബന്ധം - I



**"ഭരണഭാഷ മാതൃഭാഷ"**

സി.ബി(1)4262/2020

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 10.02.2022

**സർക്കുലർ നമ്പർ - 05/2022**

വിഷയം:- സഹകരണ വകുപ്പ് - സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശനിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. സഹകരണ സംഘം രജിസ്ട്രാറുടെ 22.01.2021 ലെ 05/2021 നമ്പർ സർക്കുലർ.
2. 09.02.2022 -ൽ ചേർന്ന പലിശ നിർണ്ണയ ഉന്നത തല സമിതി തീരുമാനം.

*****

സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച് സൂചന (1) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. സൂചന (2) പ്രകാരം ചേർന്ന പലിശ നിർണ്ണയ ഉന്നതതല സമിതിയുടെ യോഗം, സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും, വിവിധ വാണിജ്യ ബാങ്കുകളും, പൊതുമേഖലാ ബാങ്കുകളും, ധനകാര്യ സ്ഥാപനങ്ങളും, സർക്കാർ ട്രഷറിയും, സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നിലവിൽ നൽകുന്ന പലിശനിരക്ക് അവലോകനം നടത്തുകയും, സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകി വരുന്ന പലിശനിരക്ക് പരിഷ്കരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അതിൻ പ്രകാരം സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്കുകൾ ശതമാന കണക്കിൽ

ചുവടെ ചേർക്കും പ്രകാരം സർക്കുലർ തിയതി മുതൽ പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

| ക്രമ നം. | നിക്ഷേപങ്ങളുടെ കാലാവധി | കേരള സംസ്ഥാന സഹകരണ ബാങ്ക് | | മലപ്പുറം ജില്ലാ സഹകരണ ബാങ്ക് | | സർവ്വീസ് സഹകരണ ബാങ്കുകൾ, അർബൻ സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ, റീജിയണൽ റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, അഗ്രിക്കൾച്ചറൽ ഇംപ്രൂമെന്റ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളും. | |
|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 4.50 | 4.50 | 4.50 | 4.50 | 4.75 | 5.00 |
| 2 | 46 ദിവസം മുതൽ 90 ദിവസം വരെ | 5.00 | 5.00 | 5.00 | 5.00 | 5.25 | 5.50 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 5.25 | 5.25 | 5.25 | 5.25 | 5.75 | 6.00 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 5.75 | 5.75 | 5.75 | 5.75 | 6.25 | 6.25 |
| 5 | 1 വർഷം മുതൽ 2 വർഷത്തിന് താഴെ വരെ | 6.25 | 6.25 | 6.25 | 6.25 | 6.75 | 7.00 |
| 6. | 2 വർഷവും അതിനു മുകളിലും | 6.00 | 6.00 | 6.00 | 6.00 | 6.50 | 7.00 |

<u>സംസ്ഥാന സഹകരണ ബാങ്ക് സ്വീകരിക്കുന്ന വ്യക്തിഗത നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരാമാവധി പലിശനിരക്ക്</u>

| ക്രമ നം. | നിക്ഷേപങ്ങളുടെ കാലാവധി | പലിശ നിരക്ക് | |
|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 4.50 | 4.50 |
| 2 | 46 ദിവസം മുതൽ 90 ദിവസം വരെ | 5.00 | 5.00 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 5.25 | 5.25 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 5.75 | 5.75 |
| 5 | 1 വർഷം മുതൽ 2 വർഷത്തിന് താഴെ വരെ | 6.25 | 6.25 |
| 6 | 2 വർഷവും അതിനു മുകളിലും | 6.00 | 6.00 |

മേൽ നിരക്കുകൾക്കു പുറമേ മുതിർന്ന പൗരന്മാരുടെ സ്ഥിര നിക്ഷേപങ്ങൾക്ക് ½ ശതമാനം നിരക്കിൽ അധിക പലിശ നൽകേണ്ടതാണ്.

പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കിൽ നടത്തുന്ന നിക്ഷേപങ്ങൾക്ക് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ അവരുടെ നിക്ഷേപകർക്ക് നൽകുന്ന നിരക്കിൽ പലിശ സംസ്ഥാന സഹകരണ ബാങ്ക്/മലപ്പുറം ജില്ലാ സഹകരണ ബാങ്ക് നൽക്കേണ്ടതാണ്.

പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വീകരിക്കുന്ന എല്ലാ സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾക്കും നൽകാവുന്ന പരമാവധി പലിശ നിരക്ക് 4 ശതമാനം ആയി നിജപ്പെടുത്തിയിരിക്കുന്നു. സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾക്ക് പ്രതിമാസ ശരാശരി/പ്രതിദിന പ്രോഡക്ട് പ്രകാരം പ്രതിവർഷം രണ്ട് പാദങ്ങളിലായി (6 മാസത്തിലൊരിക്കൽ) പലിശ നൽകേണ്ടതാണ്.

സ്ഥിര നിക്ഷേപങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ച് നൽകുന്ന നിരക്കുകളിൽ അധികരിച്ച നിരക്കിൽ പലിശ നൽകുവാൻ പാടുള്ളതല്ല. സർക്കുലറിന് വിരുദ്ധമായി അധികരിച്ച നിരക്കിൽ പലിശ നൽകുന്നത് ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ടി സംഘങ്ങളുടെ/ബാങ്കുകളുടെ നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അധികാരം റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഒപ്പ്)
എം.ബിനോയ് കുമാർ
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)
സഹകരണ സംഘം രജിസ്ട്രാർ (I/C)

I/5172710/2022

പകർപ്പ് :-

1. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
2. സെക്രട്ടറി, നിയമസഭാ സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
4. ജനറൽ മാനേജർ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്.
5. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
6. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
7. ജോയിന്റ് ഡയറക്ടർ/സമകാലീന ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്കും, മലപ്പുറം ജില്ലാ സഹകരണ ബാങ്കും.
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും. (എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
9. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും. (ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
10. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ. ( ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
11. ചീഫ് ജനറൽ മാനേജർ, നബാർഡ്, കേരള റീജിയണൽ ഓഫീസ് തിരുവനന്തപുരം.
12. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
13. സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
14. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
15. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ആഫീസർമാർക്കും, സെക്ഷൻ സൂപ്രണ്ടുമാർക്കും.
16. എഡിറ്റർ, സഹകരണ വീഥി.
17. വെബ് സൈറ്റ്.
18. സ്റ്റോക്ക് ഫയൽ.
19. സ്പെയർ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.ബി)

അനുബന്ധം- II

72709/2022

സി.ബി(1)4262/2020

സഹകരണസംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം, തിയതി- 10.02.2022

## സർക്കുലർ നമ്പർ- 06/2022

വിഷയം:- സഹകരണ വകുപ്പ്- സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും വിതരണം ചെയ്തുവരുന്ന കാർഷികേതര വായ്പകളുടേയും, കാർഷിക അനുബന്ധ വായ്പകളുടേയും പരമാവധി പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1) സഹകരണ സംഘം രജിസ്ട്രാറുടെ 22.01.2021-ലെ 03/2021 നമ്പർ സർക്കുലർ.
2)09.02.2022-ൽ ചേർന്ന പലിശ നിർണ്ണയ ഉന്നതതല സമിതി തീരുമാനം.

സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും ജില്ലാ സഹകരണ ബാങ്കുകളും, സംസ്ഥാന സഹകരണ ബാങ്കും വിതരണം ചെയ്യുന്ന വിവിധ ഇനം കാർഷികേതര വായ്പകൾക്കും, കാർഷിക അനുബന്ധ വായ്പകൾക്കും ഈടാക്കുന്ന പലിശനിരക്ക് സംബന്ധിച്ച് സൂചന (1) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. സൂചന (2) പ്രകാരം ചേർന്ന പലിശനിർണ്ണയ ഉന്നതതല സമിതിയുടെ തീരുമാനം അംഗീകരിച്ച് വായ്പാ പലിശ നിരക്കിൽ താഴെ പറയും പ്രകാരം മാറ്റം വരുത്തിയിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും മലപ്പുറം ജില്ലാ സഹകരണ ബാങ്കും, സംസ്ഥാന സഹകരണ ബാങ്കും, വിതരണം ചെയ്യുന്ന വിവിധ ഇനം കാർഷികേതര വായ്പകൾക്കും കാർഷിക അനുബന്ധ വായ്പകൾക്കും ഈടാക്കാവുന്ന പരമാവധി പലിശ നിരക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം | വായ്പ ഇനം | വായ്പാ പരിധി | കേരള സംസ്ഥാന സഹകരണ ബാങ്ക് | | മലപ്പുറം ജില്ലാ സഹകരണ ബാങ്ക് | | പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ | |
|---|---|---|---|---|---|---|---|---|
| | | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | വിവാഹ | 1 ലക്ഷം | 10.25 | 10.00 | 10.25 | 10.00 | 10.25 | 10.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | വായ്പ | രൂപ വരെ | | | | | | |
| | | 1 ലക്ഷം രൂപയ്ക്ക് മുകളിൽ | 11.00 | 10.75 | 11.00 | 10.75 | 11.00 | 10.75 |
| 2. | ചികിത്സാ വായ്പ | 1 ലക്ഷം രൂപ വരെ | 9.25 | 9.00 | 9.25 | 9.00 | 9.25 | 9.00 |
| 3. | വീട് മെയിന്റനൻസ് വായ്പ | 2 ലക്ഷം രൂപ വരെ | 9.25 | 9.00 | 9.25 | 9.00 | 9.75 | 9.50 |
| | | 2 ലക്ഷം രൂപയ്ക്ക് മുകളിൽ | 9.75 | 9.50 | 9.75 | 9.50 | 10.75 | 10.50 |
| 4. | കൺസ്യൂമർ വായ്പ | ---- | 11.00 | 10.75 | 11.50 | 11.00 | 12.00 | 11.50 |
| 5. | വിദേശത്ത് ജോലിയ്ക്ക് പോകുന്നതിലേയ്ക്കുള്ള വായ്പ | ----- | 11.00 | 1075 | 11.50 | 11.00 | 12.00 | 11.50 |
| 6. | വാഹന വായ്പ | --- | 10.00 | 9.50 | 10.25 | 9.75 | 11.00 | 10.50 |
| 7. | ക്യാഷ് ക്രെഡിറ്റ്/ ഓവർ ഡ്രാഫ്റ്റ് | --- | 10.75 | 10.50 | 11.75 | 11.25 | 12.25 | 11.75 |
| 8. | ഭവന നിർമ്മാണ വായ്പ | 3 ലക്ഷം രൂപ വരെ | 8.50 | 8.25 | 9.00 | 8.75 | 10.00 | 9.50 |
| | | 3 ലക്ഷം രൂപയ്ക്ക് മുകളിൽ 5 ലക്ഷം വരെ | 8.50 | 8.25 | 8.75 | 8.50 | 10.25 | 10.00 |
| | | 5 ലക്ഷം രൂപയ്ക്ക് മുകളിൽ 10 ലക്ഷം വരെ | 8.75 | 8.50 | 8.75 | 8.50 | 10.50 | 10.00 |
| | | 10 ലക്ഷം രൂപയ്ക്ക് മുകളിൽ | 9.25 | 8.75 | 9.25 | 8.75 | 10.50 | 10.00 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 9. | പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ അതിർത്തിയിൽ മൂന്ന് സെന്റ് ഭൂമിവരെയുള്ളവർക്ക് വീട് വയ്ക്കുന്നതിനുള്ള വായ്പ | 1 ലക്ഷം രൂപ വരെ | 8.50 | 8.00 | 8.50 | 8.00 | 9.00 | 8.50 |
| 10. | മോർട്ട്ഗേജ്/ഭൂസ്വത്ത് വാങ്ങാൻ സാധാരണ വായ്പ | | 11.50 | 11.00 | 12.00 | 11.50 | 12.50 | 12.00 |
| 11. | ബിസിനസ്സ്/ട്രേഡേഴ്സ് വായ്പ | ---- | 11.50 | 11.00 | 12.00 | 11.50 | 12.50 | 12.00 |
| 12. | വ്യവസായ വായ്പ | ---- | 11.50 | 11.00 | 11.50 | 11.00 | 12.25 | 12.00 |
| 13. | സ്വയം തൊഴിൽ വായ്പ | | 10.50 | 10.00 | 10.50 | 10.00 | 10.50 | 10.00 |
| 14. | കുടുംബശ്രീക്കുള്ള വിവിധ ഇനം വായ്പകൾ | ---- | 8.50 | 8.25 | 8.50 | 8.25 | 8.50 | 8.25 |
| 15 | വിദ്യാഭ്യാസ വായ്പ | --- | 11.50 | 11.00 | 11.50 | 11.00 | 11.50 | 11.00 |
| 16 | സ്വർണ്ണപണയ വായ്പ | മൂന്ന് മാസം വരെ | 9.00 | 9.00 | 10.00 | 10.00 | 10.50 | 10.50 |
| | | 6 മാസം വരെ | 9.50 | 9.50 | 10.00 | 10.00 | 10.50 | 10.50 |
| | | 6 മാസത്തിന് മുകളിൽ | 10.00 | 10.00 | 10.00 | 10.00 | 11.00 | 11.00 |

I/572709/2022

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 17 | ഭൂമിയില്ലാത്തവർക്ക് വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിനുള്ള വായ്പ | 5 ലക്ഷം രൂപ വരെ | 11.00 | 10.75 | 11.00 | 10.75 | 11.00 | 10.75 |
| | | 5 ലക്ഷം രൂപയ്ക്ക് മുകളിൽ | 11.50 | 11.25 | 12.00 | 11.75 | 12.50 | 12.25 |
| 18 | വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ | സഹകരണ സ്ഥാപനങ്ങൾക്ക് | 10.50 | 10.00 | 10.50 | 10.00 | 10.50 | 10.00 |
| | | ഇതര സ്ഥാപനങ്ങൾക്ക് | 11.75 | 11.25 | 11.75 | 11.25 | 11.75 | 11.25 |
| | | കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ | 10.50 | 10.00 | 10.50 | 10.00 | 10.50 | 10.00 |
| 19 | മംഗല്യസൂത്ര വായ്പ | | 4.50 | 4.50 | 4.50 | 4.50 | 4.50 | 4.50 |
| | കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുള്ള വായ്പ | | | | | | | |
| 20 | കോഴി/താറാവ്/മത്സ്യം വളർത്തുന്നിതനുള്ള വായ്പ | 1 ലക്ഷം രൂപ വരെ | 9.25 | 9.00 | 9.25 | 9.00 | 9.25 | 9.00 |
| 21 | ആട്/മാട് വളർത്തുന്നതിനുള്ള വായ്പ | 3 ലക്ഷം രൂപ വരെ | 9.25 | 9.00 | 9.25 | 9.00 | 9.25 | 9.00 |
| 22 | കാർഷിക/കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുള്ള സ്വർണ്ണ | 3 ലക്ഷം രൂപവരെ | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | 9.25 | 9.25 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | പണയ വായ്പ(നബാർഡ് പുനർവായ്പയിൽ ഉൾപ്പെടാത്തത്) സ്വന്തം ഫണ്ടിൽ നിന്നും നൽകുന്നത്. | | | | | | | |

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രത്യേക സ്കീമിൽ ഉൾപ്പെടുന്ന വായ്പകളുടെ പലിശ നിരക്കിന് മേൽ നിരക്കുകൾ ബാധകമായിരിക്കുന്നതല്ല.

പട്ടികജാതി വിഭാഗത്തിലുള്ളവരും, പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവരും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുക്കുന്ന 50,000/-രൂപ വരെയുള്ള എല്ലാതരം കാർഷികേതര വായ്പകൾക്കും, കാർഷിക അനുബന്ധ വായ്പകൾക്കും മേൽ പലിശ നിരക്കിൽ നിന്നും 1% കുറച്ച് ഈടാക്കേണ്ടതാണ്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പഞ്ചായത്ത്/മുൻസിപ്പാലിറ്റി കോർപ്പറേഷൻ, കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾക്ക് വായ്പ നൽകുന്നതിന് ടി സ്ഥാപനങ്ങളുടെ നിക്ഷേപം ബന്ധപ്പെട്ട സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ ആയിരിക്കേണ്ടതാണ്. ഓരോ സഹകരണ സംഘവും/ബാങ്കും അവരുടെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വായ്പാപരിധി ക്രമങ്ങൾ പാലിക്കേണ്ടതാണ്.

മേൽ പലിശ നിരക്കിൽ അധികരിച്ച നിരക്കിൽ പലിശ ഈടാക്കുവാൻ പാടുള്ളതല്ല. പുതുക്കിയ നിരക്കുകൾക്ക് സർക്കുലർ തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ഒപ്പ്/-
എം.ബിനോയ് കുമാർ
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)
സഹകരണ സംഘം രജിസ്ട്രാർ(I/C)

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം

72709/2022

2. സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
3. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മുഖേന)
4. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
5. ജനറൽ മാനേജർ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്
6. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും.
7. ജോയിന്റ് ഡയറക്ടർ/സമകാലീന ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും.
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മുഖേന).
9. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും (ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മുഖേന
10. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ)മുഖേന).
11. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ആഫീസർമാർക്കും/സെക്ഷൻ സൂപ്രണ്ടുമാർക്കും.
12. എഡിറ്റർ, സഹകരണവീഥി
13. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
14. സ്റ്റോക്ക് ഫയൽ
15. പബ്ലിക്ക് റിലേഷൻസ് ഡയറക്ടർ വഴി പ്രസിദ്ധീകരണത്തിന് (ആമുഖ കത്ത് സഹിതം)
16. സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(സി.ബി)

Saheeda
സെക്ഷൻ ഓഫീസർ